ജന്മഭൂമി

**05 July 2017**

# മത്സ്യമേഖലയിലെ സബ്സിഡികള്‍ പരിശോധിക്കണം: നിതി ആയോഗ്

**കൊച്ചി:** മത്സ്യമേഖലയില്‍ നല്‍കുന്ന സബ്സിഡികളെക്കുറിച്ച് പഠിക്കണമെന്ന് നിതി ആയോഗ് ഉപദേശകന്‍ ഡോ അശോക് ജെയിന്‍. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തില്‍ (സിഎംഎഫ്ആര്‍ഐ) ആരംഭിച്ച ദേശീയ ശില്‍പശാലയില്‍ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ഗവേഷണ സ്ഥാപനങ്ങള്‍ വികസിപ്പിച്ച സാങ്കേതികവിദ്യകള്‍ നടപ്പിലാക്കുന്നതില്‍ മിക്ക സംസ്ഥാനങ്ങളും ജാഗ്രത കാണിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് എല്ലാ സംസ്ഥാനങ്ങള്‍ക്കും നിതി ആയോഗ് നിര്‍ദ്ദേശങ്ങള്‍ അയയ്ക്കും. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങള്‍ ഇന്ത്യയില്‍ നടപ്പിലാക്കും. കടല്‍ സമ്പത്ത് ഉപയോഗിച്ച് 'ബ്ലൂ ഇക്കോണമി' വികസിപ്പിക്കുന്നതിന് സുസ്ഥിര പരിപാലനം അനിവാര്യമാണ്. കടല്‍ ടൂറിസത്തിന്റെ സാധ്യതകള്‍ ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങളും നിയന്ത്രണങ്ങളും എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെ ബാധകമാക്കണമെന്ന് ചര്‍ച്ചയില്‍ പങ്കെടുത്തവര്‍ ആവശ്യപ്പെട്ടു.

സിഎംഎഫ്ആര്‍ഐ ഡയറക്ടര്‍ ഡോ എ. ഗോപാലകൃഷ്ണന്‍, വേള്‍ഡ് വൈല്‍ഡ് ലൈഫ് ഫണ്ട്-ഇന്ത്യ പ്രോഗ്രാം ഡയറക്ടര്‍ സേജല്‍ വോറ, സിഫ്റ്റ് ഡയറക്ടര്‍ ഡോ.സി.എന്‍. രവിശങ്കര്‍, ഡോ പ്രവീണ്‍ പുത്ര തുടങ്ങിയവര്‍ സംസാരിച്ചു. നിതി ആയോഗ്, വേള്‍ഡ് വൈല്‍ഡ് ലൈഫ് ഫണ്ട് എന്നിവയുമായി സഹകരിച്ചാണ് സിഎംഎഫ്ആര്‍ഐ ശില്‍പശാല നടത്തുന്നത്. ഇന്ന് സമാപിക്കും.